വഴിത്താരകൾ

'ഓറഞ്ച് നിറമുള്ള പകലുകൾ രാത്രികൾ'

മാണി സ്കറിയ/ ജീവിതവും ചരിത്രവും

അനിൽ പെണ്ണുക്കര

"സുസ്ഥിരത എന്നത് ഒരു യാത്രയാണ്, ഒരു ലക്ഷ്യസ്ഥാനമല്ല. ഭൂമിയുടെയും അതിലെ എല്ലാ നിവാസികളുടെയും മികച്ച കാര്യസ്ഥന്മാരാകാൻ നാം നിരന്തരം പരിശ്രമിക്കണം."

ആഗ്രഹിച്ചത് നേടിയില്ലെങ്കിലും നേടിയത് മറ്റാരും ആഗ്രഹിക്കുന്ന തരത്തിലുള്ളതാണെങ്കിൽ ജീവിതം വഴി തെറ്റിയ കുതിരയല്ല എന്ന് ഉറപ്പിക്കാം. ലക്ഷ്യങ്ങൾ നിറഞ്ഞ യാത്രകൾ, മണ്ണും മനുഷ്യനും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകൾ, ലോകത്തിന് വേണ്ടിയുള്ള പുതിയ കണ്ടെത്തലുകൾ ഇങ്ങനെ പല മനുഷ്യായുസ്സുകളും മാതൃക സൃഷ്ടിക്കാറുണ്ട്. ഭൂമിയിൽ വിത്തുകളുടെ കഥകൾ കൊണ്ട് ചരിത്രം സൃഷ്ടിച്ച മനുഷ്യരാശി അവന്റെ ദൗത്യം കൊണ്ട് പലപ്പോഴൊക്കെ അമ്പരപ്പെടുത്തുകയും ചെയ്യുന്നു.

ടെക്സസിൽ സിട്രസ് ഫലങ്ങൾ കൊണ്ട് വിപ്ലവം തീർത്ത ഒരു മനുഷ്യനുണ്ട്.ഡോ.മാണി സ്കറിയ. ലാഭകരമായി എങ്ങനെ സിട്രസ് വിളകൾ എങ്ങനെ കൃഷി ചെയ്യാം എന്ന് അദ്ദേഹമാണ് അമേരിക്കൻ ജനതയെയും,തദ്ദേശീയരെയും പഠിപ്പിച്ചത്. ഇപ്പോഴാ വിപ്ലവത്തിന്റെ ചൂട് കേരളത്തിലേക്കും പടർത്താനാണ് ഡോ.മാണി സ്കറിയയുടെ ശ്രമം.

സ്വപ്നങ്ങളെ ഇതിലെ...

കൂടെയുണ്ടായിരുന്ന മിടുക്കരായ വിദ്യാർത്ഥികളെ പോലെ തന്നെ ഒരു സിവിൽ സർവന്റ് ആവുക എന്നതായിരുന്നു മാണി സ്കറിയയുടെ ബാല്യകാല സ്വപ്നം. അതിനുവേണ്ടി പഠനത്തിന്റെ എല്ലാ ശ്രദ്ധയും അദ്ദേഹം ആ മേഖലകളിലേക്ക് കേന്ദ്രീകരിച്ചു. 1970 ൽ കോട്ടയം ജില്ലയിലെ അമയന്നൂരിൽ ജനിച്ച അദ്ദേഹത്തിന് പഠനത്തോട് വലിയ താത്പര്യമായിരുന്നു. മകൻ പഠിച്ചു മിടുക്കനാവുന്നതിൽ മാതാപിതാക്കളും തല്പരരായതോടെ ഉയരങ്ങൾ എത്തിപ്പിടിക്കാൻ മാണി സ്കറിയയ്ക്ക് ബുദ്ധിമുട്ടുകൾ ഇല്ലായിരുന്നു.

ലക്ഷ്യങ്ങൾ മുൻപിൽ ഉണ്ടായിരുന്നെങ്കിലും ദൗത്യം, വിധി എന്നിവ മാണി സ്കറിയയെ എന്നാൽ മറ്റൊരിടത്താണ് എത്തിച്ചത്. സസ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ മാണിയെ തേടിവന്നത് ജോർദാനിലെ ഒരു അപ്രതീക്ഷിത അദ്ധ്യാപക ജോലിയാണ്. ഈ ജോലി തന്നെയാണ് അദ്ദേഹത്തെ പിന്നീട് ടെക്സസിലെ സിട്രസ് വ്യവസായ വിപ്ലവത്തിന്റെ നായകനാക്കി മാറ്റിയതും. വിധി പലപ്പോഴും നമ്മളെ നമ്മൾ വിചാരിച്ച

രീതിയിലേക്ക് നടത്തും അതുമല്ലെങ്കിൽ, കാലമാവശ്യപ്പെടുന്ന ദൗത്യത്തിന് പിറകിലേക്ക് നമ്മെ നയിക്കും. ഇതുതന്നെയാണ് അദ്ദേഹത്തിന്റെ ജീവിതത്തിലും സംഭവിച്ചത്. അദ്ദേഹം ആഗ്രഹിച്ചത് ഒന്ന് എന്നാൽ എത്തിപ്പെട്ടത് മറ്റൊരു മേഖല. പക്ഷേ അവിടെ നിറവേറ്റാൻ ധാരാളം ദൗത്യങ്ങൾ ഉണ്ടായിരുന്നു. എത്തിപ്പിടിക്കാൻ നിറയെ നേട്ടങ്ങളുടെ ചരിത്രം ഉണ്ടായിരുന്നു.

ഓറഞ്ചു നിറമുള്ള പകലുകൾ രാത്രികൾ

നൂതനമായ വിള ഉൽപ്പാദനത്തിലൂടെയും സംരക്ഷണത്തിലൂടെയും സിട്രസ് വ്യവസായത്തിലെ മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്ന നൂറുകണക്കിന് ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഒരു തോട്ടം ഡോ. മാണി സ്കറിയക്ക് സ്വന്തമായുണ്ട്. ഒരു ദശാബ്ദത്തിലേറെ മുമ്പ് അദ്ദേഹം ഹാർഗിൽ സ്ഥാപിച്ച യുഎസ് സിട്രസ് കമ്പനി, ടെക്സാസിൽ സ്പെഷ്യാലിറ്റി സിട്രസ് വിളകളുടെ ഏറ്റവും വലിയ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിലും മികച്ചതായി എങ്ങനെയാണ് ഒരാൾക്ക് സ്വയം ജീവിതം വരച്ചിടാൻ കഴിയുക?

ജൈവ തത്ത്വങ്ങളിൽ അധിഷ്ഠിതമായാണ് ഡോ.മാമി സ്കറിയ തന്റെ ഉൽപാദന രീതികൾ വികസിപ്പിച്ചെടുത്തത്. താൻ നിലനിൽക്കുന്ന പ്രകൃതിയോടും അതിന്റെ സന്തുലിതാവസ്ഥകളോടും പൊരുത്തപ്പെടുന്ന രീതികൾ അദ്ദേഹം വികസിപ്പിച്ചെടുത്തു. എങ്ങനെ മറ്റൊന്നിനെയും നോവിക്കാതെ മുറിപ്പെടുത്താതെ വിപ്ലവങ്ങൾ സൃഷ്ടിക്കാം അല്ലെങ്കിൽ മാറ്റങ്ങൾ ഉണ്ടാക്കാം എന്ന് തന്നെയാണ് അദ്ദേഹം തിരഞ്ഞുകൊണ്ടിരുന്നത്. അദ്ദേഹം പ്രകൃതിയെയും വരാനിരിക്കുന്ന തലമുറയിലെ കർഷകരെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അവനവന് മാത്രമുള്ളതല്ല ഭൂമി ഇനിയും വരുന്ന മനുഷ്യർക്ക് ജീവിക്കാൻ വേണ്ട എല്ലാം ഇവിടെ നമ്മൾ തന്നെ അവശേഷിപ്പിക്കണം എന്ന് ചിന്തയാണ് അദ്ദേഹത്തെ ഒരു സുസ്ഥിരമായ ചിന്തയിലേക്ക് നയിച്ചത്.

റിയോ ഗ്രാൻഡെ നദിയാൽ ചുറ്റപ്പെട്ട, യുഎസ്-മെക്സിക്കൻ അതിർത്തിയിൽ നിന്ന് ഏകദേശം 35 മൈൽ വടക്ക്, റിയോ ഗ്രാൻഡെ താഴ്വരയിൽ ടെക്സസിന്റെ തെക്കേ അറ്റത്തുള്ള പ്രദേശത്താണ് ഡോ. മാണി സ്കറിയയുടെ കാർഷിക ഭൂമിയായ ഹർഗിൽ സ്ഥിതി ചെയ്യുന്നത്. സിട്രസ് തോട്ടങ്ങൾ, പച്ചക്കറി ഫാമുകൾ, കരിമ്പ് പാടങ്ങൾ എന്നിവയുൾപ്പെടെ നിലകൊള്ളുന്ന ഫലഭൂയിഷ്ഠമായ ഈയിടം എന്തുകൊണ്ടും പരീക്ഷങ്ങൾക്കും മുന്നേറ്റത്തിനും ഉതകുന്നതാണ്.

വിപ്ലവം വന്ന വഴി

പയനിയറിംഗ് മൈക്രോ-ബഡ്ഡിംഗ് എന്ന നൂതന സാങ്കേതികവിദ്യയാണ് ഡോ.മാണി സ്കറിയ ടെക്സസിൽ അവതരിപ്പിച്ചത്. ഇത് സാധാരണയെക്കാൾ പഴങ്ങളുടെ ഉത്പാദനം ത്വരിതപ്പെടുത്തുകയും വിളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു രീതിയാണ്. പൊതുവെ സിട്രസ് ഓറഞ്ചു വിളയാൻ വേണ്ട സമയത്തിനേക്കാൾ പകുതി സമയമെടുത്തുകൊണ്ടാണ് നിലവിലുള്ളതിനേക്കാൾ ഇരട്ടി വിളവ് മൈക്രോ ബഡ്ഡിംഗ് പ്രക്രിയയിലൂടെ മാണി സ്കറിയ നേടിയെടുത്തത്. മാണിയുടെ കണ്ടുപിടുത്തങ്ങളും

സാങ്കേതികവിദ്യകളും സിട്രസ് പഴങ്ങൾ വേഗത്തിലും ഉയർന്ന വിളവിലും ഉത്പാദിപ്പിക്കുന്നതിന് സഹായിക്കുന്നതായി കണ്ടെത്തിയ പ്രദേശവാസികളും ഇതേ രീതി തന്നെ തുടർന്നു. ഒരു കർഷകനെയും ഉപഭോക്താവിനെയും സംബന്ധിച്ചിടത്തോളം കുറഞ്ഞ വിലയിൽ കൂടുതൽ വിളവ് എന്ന രീതി പരമ്പരാഗതമായ എല്ലാ കൃഷി രീതിയെയും മാറ്റിമറിച്ചു.

ടെക്സസിന്റെ ചരിത്രത്തിൽ ആദ്യമായി ക്ലീൻ സിട്രസ് പ്രോഗ്രാം സ്ഥാപിച്ചത് അദ്ദേഹമാണ് . അതായത് വിദേശരാജ്യത്ത് ഒരു ഇന്ത്യക്കാരൻ മലയാളിയുടെ കയ്യൊപ്പ് ചാർത്തുന്നു. 2010-ൽ സ്വീറ്റ് ഓറഞ്ച് സ്കാബിൻ്റെ (SOS) കണ്ടുപിടിത്തം നടത്തുന്നത്തോടെ കാർഷിക ഗവേഷണ രംഗത്തെ സ്കറിയയുടെ സംഭാവനകൾ കുറേകൂടി വികസിച്ചു. , രാജ്യത്ത് തന്നെ ഈ ഗവേഷണം ആദ്യമായി പൂർത്തീകരിച്ചത് മാണി സ്കറിയയാണ് . 2000-ൽ 15 ബില്യൺ ഡോളർ സ്വാധീനം ചെലുത്തിയ ഡയപ്രെപ്പ് റൂട്ട് കോവലിൻ്റെ കണ്ടെത്തൽ മുൻപേ മാണി സ്കറിയയെ ടെക്സസിന്റെ ചരിത്രത്തിലേക്ക് കൈ പിടിച്ചു നടത്തിയിരുന്നു.

ജീവിതം മാറി മറിഞ്ഞ നിമിഷം

1977 ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയ ശേഷം ലക്ചറർ ജോലിക്കായിട്ടാണ് മാണി സ്കറിയ ജോർദാനിലേക്ക് മാറുന്നത്. തൻ്റെ റോളിൽ നാല് വർഷം അദ്ദേഹം അവിടെ പൂർത്തീകരിച്ചു. തുടർന്ന് അദ്ദേഹം പിഎച്ച്ഡി നേടുന്നതിനായി അമേരിക്കയിലെത്തി. ഇൻഡ്യാനയിലെ പർഡ്യൂ യൂണിവേഴ്സിറ്റിയിലെ പ്ലാൻ്റ് പാത്തോളജിയിൽ 1984-ൽ ബിരുദം നേടിയ ശേഷം ജോർദാനിലേക്ക് മടങ്ങാൻ സ്കറിയയ്ക്ക് വീണ്ടും അവസരം ലഭിച്ചു.

"ജോർദാനിലേക്ക് മടങ്ങാൻ കാരണമായത് എനിക്ക് ലഭിച്ച വളരെ രസകരമായ ഒരു ജോലിയാണ്. ഒരു സിട്രസ് ഇംപ്രൂവ്മെൻ്റ് പ്രോജക്റ്റിനായി എന്നെ യു.എസ് ഏജൻസി ഫോർ ഇൻ്റർനാഷണൽ ഡെവലപ്മെൻ്റ് നിയമിച്ചു', ജീവിതത്തിലെ നിർണായകമായ നിമിഷത്തെ കുറിച്ച് അദ്ദേഹം വാചാലനാകുന്നു . പിന്നീട് വാഷിംഗ്ടൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി മുഖേന ജോർദാനിലെ സിട്രസ് വ്യവസായത്തെ സഹായിക്കുന്നതിനായി അദ്ദേഹം കാർഷിക വിദഗ്ധനായി ജോലി നേടുകയായിരുന്നു. രാജ്യത്തിൻ്റെ കാർഷിക മന്ത്രാലയവുമായി ചേർന്നായിരുന്നു ഇതിന്റെ പ്രവർത്തനങ്ങൾ.

അന്ന് മാണി സ്കറിയ ഒരു യുഎസ് പൗരനായിരുന്നില്ല, സിട്രസ് എന്നത് അറിയുമില്ല, പക്ഷേ എന്നിട്ടും ആതിഥേയ രാജ്യം അദ്ദേഹത്തിന്റെ അംഗീകരിച്ചു. യുഎസ് ഗവൺമെൻ്റിൽ നിന്ന് പൂർണ്ണ പിന്തുണയാണ് അദ്ദേഹത്തിന് പിന്നീട് ലഭിച്ചത്. കൂടാതെ സിട്രസിനെ കുറിച്ച് ആവശ്യമായ എല്ലാ പ്രായോഗിക പരിശീലനവും നൽകുന്നതിന് യൂണിവേഴ്സിറ്റി അദ്ദേഹത്തെ വിവിധ യു.എസ്. പ്രതിനിധികളുമായി പരിചയപ്പെടുത്തുകയും, വേണ്ട സഹായങ്ങൾ എല്ലാം നൽകുകയും ചെയ്തു.

ജീവിതവും അനുഭവങ്ങളും പഠനവും മനുഷ്യരുമെല്ലാം പുതിയ കാഴ്ചപ്പാടുകളുടെ കണ്ടെത്തലുകളുടെ വിത്തുകൾ മാണി സ്കറിയയുടെ

തലച്ചോറിൽ വിതച്ചു. ഒരു സിട്രസ് നാരങ്ങ പിഴിഞ്ഞ് സ്കറിയ പറയുന്നതും അത് തന്നെയാണ്.

“ഞാൻ നിർമിച്ചെടുത്ത ഒരു നാരങ്ങയുടെ നീര് ഉണ്ടാക്കാൻ മാർക്കറ്റിൽ നിന്ന് ഏകദേശം 10 സാധാരണ നാരങ്ങകളെങ്കിലും വേണ്ടി വരും', അദ്ദേഹം പറയുന്നു.

പ്രകൃതി ദുരന്തങ്ങൾ തന്ന പാഠം, തിരിച്ചറിവ്, ഉയിർത്തെഴുന്നേൽപ്പ്

നീണ്ട വർഷക്കാലം വിജയങ്ങൾ മാത്രം സ്വന്തമായിരുന്ന മാണിസ്കറിയ്ക്ക് 2020, 2021 വർഷങ്ങളിൽ വന്ന പ്രകൃതി ദുരന്തങ്ങൾ കാര്യമായ നാശനഷ്ടങ്ങളുണ്ടാക്കി. പക്ഷെ ഈ ദുരന്തങ്ങൾ ഡോ. മാണിയുടെ മാജിക് മിക്സ് മൈക്രോബയൽസ്, പെസ്റ്റ് പ്രൊട്ടക്റ്റ് പ്രോ, സൂപ്പർ സോയിൽ തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിലേക്ക് നയിക്കുകയാണ് ഉണ്ടായത്. കാലാവസ്ഥയെ അതിജീവിക്കാൻ വേണ്ട എല്ലാം തിരിച്ചറിഞ്ഞു കൊണ്ട് തന്നെയാണ് മാറ്റത്തിന്റെ മറ്റൊരു കാൽ മാണി എടുത്തു വച്ചത്.

വ്യവസായ പ്രമുഖരുമായി അദ്ദേഹം തന്റെ കണ്ടെത്തലുകൾ പങ്കുവയ്ക്കുന്നത് വലിയ ചെറുത്തുനിൽപ്പിന് തന്നെ കാരണമായി, എന്നാൽ ഒടുവിൽ, അദ്ദേഹത്തിന്റെ പ്രവർത്തനം ടെക്സാസിൽ നിർബന്ധിത സിട്രസ് പ്രോഗ്രാം സ്ഥാപിക്കുന്നതിലേക്ക് നയിക്കുകയായിരുന്നു. 1997-ൽ, അന്നത്തെ ടെക്സസ് ഗവർണറും ഭാവി യു.എസ്. പ്രസിഡന്റുമായിത്തീർന്ന ജോർജ്ജ് ഡബ്ല്യു. ബുഷാണ് ഈ നിയമത്തിൽ ഒപ്പുവെച്ചത് .

ഇന്ന്, ഏകദേശം അഞ്ച് ദശലക്ഷത്തോളം സിട്രസ് തൈകൾ പ്രതിവർഷം ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ടെക്സാസിൽ നിർമ്മിച്ച ഓരോ സിട്രസ് മരത്തിലും തന്റെ വിരലടയാളം കാണാൻ കഴിയുമെന്ന് മാണി സ്കറിയ പറയുന്നു. ഒടുവിൽ വർഷങ്ങൾ നീണ്ട പ്രയത്നം കണ്ടില്ലെന്ന് നടിക്കാൻ സർക്കാരിനോ ജനതയ്ക്കോ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ശ്രമങ്ങൾ സംസ്ഥാനത്തെ "ക്ലീൻ സിട്രസിന്റെ പിതാവ്" എന്ന ബഹുമതി ഒടുവിൽ നേടിക്കൊടുത്തു.

ടെക്സാസ് എ ആൻഡ് എം യൂണിവേഴ്സിറ്റി-കിംഗ്സ്വില്ലിൽ നിന്ന് വിരമിക്കുന്നതിന് ഒരു വർഷം മുമ്പ് 2012-ൽ സ്കറിയ സ്വന്തമായി ഒരു യുഎസ് സിട്രസ് കമ്പനി ആരംഭിച്ചു. എന്നാൽ കമ്പനി വാങ്ങിയ 550 ഏക്കറോളം സ്ഥലത്ത് അടിസ്ഥാന സൗകര്യം ഒരുക്കാന് വർഷങ്ങളാണ് എടുത്തത്. തൈകളുടെ ഉത്പാദനം, നടീൽ സാന്ദ്രത, മണ്ണ്-ജല സംരക്ഷണം എന്നിവയിലെ നവീനതകളിലൂടെയാണ് അദ്ദേഹം സിട്രസ് എൻറർപ്രൈസ് നിർമ്മിച്ചത്. സിട്രസ് തോട്ടങ്ങളിലെ ലാഭക്ഷമത വർധിപ്പിക്കുന്നതിനെക്കുറിച്ച് ഫ്യൂസിക്കുമായുള്ള സംഭാഷണത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നടീലിനുള്ള മൈക്രോ-ബഡ്ഡിംഗ് സാങ്കേതികവിദ്യയാണ് അദ്ദേഹത്തിന്റെ ആദ്യ കണ്ടുപിടുത്തങ്ങളിലൊന്നെന്ന് പറയാം.

ഈ സാങ്കേതികവിദ്യ ലോകത്തിലെ ഏറ്റവും വലിയ സിട്രസ് ഉദ്യാദന രാജ്യമാക്കി യു.എസിനെ മാറ്റി.മാണി സ്കറിയയെ "ലൈം കിംഗ് ഓഫ് ടെക്സാസ്" എന്ന പേരു നേടാനും ഈ വിദ്യ സഹായിച്ചു.

മടക്കമില്ല മുന്നോട്ട് തന്നെ

കാർഷിക ചരിത്രത്തിൽ തന്നെ മാറ്റിമറിച്ചു കൊണ്ടാണ് അദ്ദേഹത്തിന്റെ പുത്തൻ കൃഷി രീതികൾ അരങ്ങേറുന്നത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ തന്നെ ഇതുവരെയില്ലാത്ത ഇനം വിത്തുകളാണ് അദ്ദേഹം സൃഷ്ടിച്ചെടുത്തത്. മാണി സ്കറിയയുടെ ഫലവത്തായ ഉൽപ്പന്നമാണ് പേർഷ്യൻ നാരങ്ങ. ഭക്ഷ്യ വ്യവസായത്തിലും കോക്ടെയിലുകളിലും ഉപയോഗിക്കുന്ന ഒന്നാണ് ഇത്. ധാരാളം പാചകക്കാരും മിക്സോളജിസ്റ്റുകളും ഇത് ഉപയോഗിക്കുന്നു, മാർക്കറ്റിൽ കിട്ടാവുന്ന ഏറ്റവും രുചികരവും ഗുണകരവുമാണ് ഇത്', മാണി സ്കറിയ പറയുന്നു.

1987-ൽ, വാഷിംഗ്ടൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ആപ്പിൾ വ്യവസായവുമായി ബന്ധപ്പെട്ട് സ്കറിയ അമേരിക്കയിലേക്ക് മടങ്ങി. തുടർന്ന് അടുത്ത വർഷം, ജോർദാൻ കാലത്ത് അദ്ദേഹത്തിൻ്റെ ഉപദേഷ്ടാവായിരുന്ന ജോൺ ഇ ഫ്യൂസിക്ക് ടെക്സസ് എ ആൻഡ് ഐ യൂണിവേഴ്സിറ്റിയിൽ ചേരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. തുടർന്ന് 1988-ൽ മെക്സിക്കൻ അതിർത്തിക്കടുത്തുള്ള വെസ്ലാക്കോയിലെ A&M-Kingsville's Citrus സെൻ്ററിൽ പ്ലാൻ്റ് പതോളജിസ്റ്റായി സ്കറിയ ജീവിതം ആരംഭിച്ചു. റിയോ ഗ്രാൻഡെ താഴ്വരയിലെ അദ്ദേഹത്തിൻ്റെ ആദ്യ ദിനങ്ങൾ വെല്ലുവിളി നിറഞ്ഞതായിരുന്നു. കഠിനമായ ആസ്ത്മ അദ്ദേഹത്തെ വേട്ടയാടി. മറ്റെവിടെയെങ്കിലും ജോലി തിരഞ്ഞു പോയാലോ എന്ന ചിന്ത വരെ അദ്ദേഹത്തിൽ ഉടലെടുത്തു. തണുപ്പ് അദ്ദേഹത്തിന്റെ എല്ലുകളെ വരെ വരിഞ്ഞു മുറുക്കിയിരുന്നു. എന്നാൽ ഹാർവാർഡ് സർവകലാശാലയിലെ "ബിൽറ്റ് എൻവയോൺമെൻ്റിലെ മനുഷ്യ ആരോഗ്യം" എന്ന കോഴ്സ് ഇൻഡോർ വായുവിൻ്റെ ഗുണനിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച ബിസിനസ്സിലേക്കും ടെക്സാസ് എ & എം യൂണിവേഴ്സിറ്റി സിസ്റ്റം ആവശ്യപ്പെട്ടതനുസരിച്ച് യൂണിവേഴ്സിറ്റി അധ്യാപനത്തിലേക്കും അദ്ദേഹത്തെ നയിച്ചു. ഇതൊരു തരത്തിൽ ആ കഠിനമായ തണുപ്പിൽ നിന്നുമുള്ള രക്ഷ നേടൽ കൂടിയായിരുന്നു.

"എല്ലാ മേഘങ്ങൾക്കും ഒരു വെള്ളി വരയുണ്ട്, എൻ്റെ ആരോഗ്യപ്രശ്നങ്ങൾ അപ്രതീക്ഷിത പോസിറ്റീവ് ഫലങ്ങളിലേക്ക് നയിച്ചു-പൂർണ്ണമായ ആസ്ത്മ നിയന്ത്രണവും മറ്റും. ആ അസുഖം പിന്നീട് എനിക്ക് ഫാക്കൽറ്റി ശമ്പളത്തിനപ്പുറം പ്രശസ്തിയും അവാർഡുകളും അംഗീകാരവും സാമ്പത്തിക സുരക്ഷിതത്വവും നേടിത്തന്നു.” ആ മാറ്റത്തെ ഇങ്ങനെയാണ് മാണി സ്കറിയ നിർവചിക്കുന്നത്.

ടെക്സസിൽ വന്നതിന് ശേഷം അദ്ദേഹം കണ്ടെത്തിയ ഒരു കാര്യം, സംസ്ഥാനത്തെ മിക്കവാറും എല്ലാ നഴ്സറികളിലും വ്യത്തിയില്ലാത്ത സിട്രസ് ചെടികൾ വിതരണം ചെയ്യുന്നു എന്നതാണ്, വാണിജ്യ നഴ്സറികളിൽ വിൽക്കുന്ന എല്ലാ സിട്രസ് മരങ്ങളും രോഗകാരികളുടെ ലക്ഷണമില്ലാത്ത വാഹകരാണെന്ന് അദ്ദേഹത്തിന്റെ പഠനങ്ങൾ തെളിയിച്ചു. ‘ടൈഫോയ്ഡ് മേരി ’ എന്നാണ് ഞാൻ അതിനെ വിശേഷിപ്പിച്ചത്',മാണി സ്കറിയ ഓർത്തെടുക്കുന്നു.

ഇനി ലക്ഷ്യം ഇന്ത്യൻ കാർഷിക ഭൂമിയിലെ വിപ്ലവം

ടെക്സസിൽ തുടങ്ങിവെച്ച വിപ്ലവം തുടരുമ്പോൾ തന്നെ മറ്റൊരു ആഗ്രഹവും അദ്ദേഹത്തിന്റെ മനസ്സിൽ ഉടലെടുത്തു. ഇന്ത്യയുടെ സിട്രസ് വ്യവസായത്തിൽ പുതിയ മാറ്റങ്ങൾ വരുത്തുക എന്നത്.

"ഇന്ത്യയിൽ ഒരു പഞ്ചനക്ഷത്ര നിലവാരമുള്ള സിട്രസ് നഴ്സറി പോലും ഇല്ല. വിരോധാഭാസമെന്നു പറയട്ടെ, ഇന്ത്യയിലെ സിട്രസ് വ്യവസായം സ്വാതന്ത്ര്യത്തിന് മുമ്പുള്ള നിലവാരത്തിലാണ്. ഒരു വിരോധാഭാസമുണ്ട്, ചൈനയ്ക്കൊപ്പം സിട്രസ് ഉത്ഭവത്തിന്റെ കേന്ദ്രങ്ങളിലൊന്നാണ് ഇന്ത്യ', തന്റെ സ്വപ്നം മുറുകെ പിടിച്ചുകൊണ്ട് മാണി സ്കറിയ പറയുന്നു.

ഉത്തരേന്ത്യയിലെ സിട്രസ് മേഖലയിൽ നൂതന സാങ്കേതികവിദ്യകളും സമ്പ്രദായങ്ങളും അവതരിപ്പിക്കുന്നത് പര്യവേക്ഷണം ചെയ്യുന്നതിനായി മാണി സ്കറിയവിവിധ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിയിരുന്നു . കാലഹരണപ്പെട്ട സാങ്കേതികവിദ്യകളും ഉയർന്ന നിലവാരമുള്ള ഇനങ്ങൾക്കുള്ള സാധ്യതക്കുറവും ഉൾപ്പെടെ ചെറുകിട സിട്രസ് കർഷകർ നേരിടുന്ന വെല്ലുവിളികൾ അദ്ദേഹം ഗവൺമെന്റുകളെ ധരിപ്പിച്ചിരുന്നു . ഇത് കുറഞ്ഞ ഉൽപ്പാദനക്ഷമത, പഴങ്ങളുടെ ഗുണനിലവാര തകർച്ച , നിയന്ത്രിത ലാഭക്ഷമത എന്നിവയ്ക്ക് കാരണമാകുന്നുവെന്ന് അദ്ദേഹം കണ്ടെത്തി.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, ഉത്തരേന്ത്യയിൽ ഒരു ടോപ്പ്-ടയർ, പഞ്ചനക്ഷത്ര സിട്രസ് നഴ്സറി സ്ഥാപിക്കാൻ മാണി സ്കറിയ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ സൗകര്യം ഉയർന്ന നിലവാരമുള്ള, ബഡ് ചെയ്ത സിട്രസ് മരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിൽ അതീവ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ളതാണ്. ഒരു പുതിയ സിട്രസ് വിപ്ലവും തന്നെ അദ്ദേഹത്തിന് ഇന്ത്യയിൽ ഉണ്ടാക്കുവാൻ കഴിയും .

'ആദ്യ രണ്ട് വർഷത്തിനുള്ളിൽ നഴ്സറി കുറഞ്ഞത് ഒരു ദശലക്ഷം തൈകൾ ഉത്പാദിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു, അതിനുശേഷം ഒരു ദശലക്ഷം മരങ്ങൾ വാർഷിക ഉൽപാദനം ലക്ഷ്യമിടുന്നു, പഴങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക, വിളവ് വർദ്ധിപ്പിക്കുക, ചെറുകിട കർഷകരുടെ മൊത്തത്തിലുള്ള ലാഭക്ഷമത മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യം'.

നാല് പ്രാദേശിക കേന്ദ്രങ്ങൾ, പ്രദർശന തോട്ടങ്ങൾ എന്നിവയ്ക്കൊപ്പം ഈ നഴ്സറി വികസിപ്പിക്കുന്നതിനുള്ള ഏകദേശ ചെലവ് $30 മില്യൺ ആണ്. അതിൽ നഴ്സറി സ്ഥാപിക്കുന്നതിനും 25 ഏക്കർ സ്ഥലം വാങ്ങുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ചെലവുകൾ എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ട്. തനിക്ക് ലാഭമുണ്ടാക്കുക എന്ന ലക്ഷ്യമല്ല മാണി സ്കറിയ ഈ ഇന്ത്യ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പകരം, ടെക്സാസിൽ വികസിപ്പിച്ചെടുത്ത അദ്ദേഹത്തിന്റെ നൂതന ആശയങ്ങളും ഉൽപ്പന്നങ്ങളും നടപ്പിലാക്കുമ്പോൾ ഇന്ത്യയിലെ യുവാക്കളെ കൂടുതലായി കൃഷിയിലേക്ക് ആകർഷിക്കാൻ അത് സഹായിക്കും എന്നാണ് അദ്ദേഹം കരുതുന്നത്. സാങ്കേതിക വിദ്യ കൈമാറുന്നതിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ മേഖലയ്ക്കുള്ളിൽ പദ്ധതികൾ വിജയകരമായി

നടപ്പിലാക്കുന്നതിലും യുവാക്കളെ പങ്കുചേർക്കുക എന്നതാണ് മാണി സ്കറിയ ലക്ഷ്യം വെക്കുന്നത്.

പ്രധാനമന്ത്രിയുടെ ഓഫീസ്, നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡ്, സംരംഭകർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും പിന്തുണ ലഭിക്കുന്നതിനെ തുടർന്ന് പദ്ധതിയുമായി മുന്നോട്ട് പോകാൻ തയാറാണെന്ന് സ്കറിയ പറയുന്നു.

"ടെക്സസ് സംസ്ഥാനത്തിനും അദ്ദേഹത്തിന്റെ കമ്പനിയായ യുഎസ് സിട്രസിനും അമേരിക്കയിൽ തന്നെ വൻവിജയം നേടാൻ സാധിച്ചിട്ടുണ്ട് .. ചെറുകിട കർഷകരെ ശാക്തീകരിക്കുക, സുസ്ഥിരമായ കാർഷിക വളർച്ച പ്രോത്സാഹിപ്പിക്കുക, ഗ്രാമപഞ്ചായത്തുകളിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ഇന്ത്യയുടെ കാഴ്ചപ്പാടുമായി അദ്ദേഹത്തിന്റെ സംരംഭങ്ങളെ കൂട്ടിയിണക്കുകയാണു് , അദ്ദേഹത്തിന്റെ ലക്ഷ്യം .

നേട്ടങ്ങൾക്ക് പിറകെ സ്വപ്നവും സഞ്ചരിക്കുമ്പോൾ

ജീവിതം തന്നെ കാർഷിക മേഖലയ്ക്ക് വേണ്ടി മാറ്റിവെച്ചതിനാൽ, പുത്തൻ വിദ്യകൾ കൊണ്ട് സിട്രസ് കൃഷിരീതിയെ കുറേക്കൂടി എളുപ്പമാക്കിയതിനാൽ, തന്റെ കണ്ടെത്തലുകൾ പുതിയ തലമുറയിലേക്ക് പകർന്നുകൊടുക്കാൻ ആർജവം കാണിച്ചതിനാൽ 2010-ൽ, ടെക്സസ് എ ആൻഡ് എം യൂണിവേഴ്സിറ്റി-കിംഗ്സ്വില്ലെയിൽ നിന്ന് മികച്ച സീനിയർ ഫാക്കൽറ്റി ടീച്ചിംഗ് അവാർഡ് അദ്ദേഹത്തിന് ലഭിച്ചു. 2016-ൽ, റിയോ ഗ്രാൻഡെ വാലി ഹോർട്ടികൾച്ചറൽ സൊസൈറ്റി കാർഷിക മേഖലയിലെ മികച്ച ഹോർട്ടികൾച്ചറൽ പ്രവർത്തനങ്ങൾക്ക് ആർതർ ടി.പോട്ട്സ് അവാർഡ് അദ്ദേഹത്തിന് നൽകി. 2018-ൽ, സൗത്ത് ടെക്സാസ് ബെറ്റർ ബിസിനസ് ബ്യൂറോ മേരി ജി. മോഡ് എത്തിക്സ് അവാർഡ് (ബിസിനസ്സ് ചെയ്യുന്നതിനുള്ള ധാർമ്മിക വശം പരമാവധി നിറവേറ്റിയതിനും കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെൻ്റ് എന്നിവയുടെ തത്വങ്ങൾ കൃത്യമായി പരിശീലിച്ചതിനും) അദ്ദേഹത്തിന് ലഭിച്ചു. ഓരോ നേട്ടങ്ങളും തന്റെ പുതിയ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പുകൾ ആയിട്ടാണ് മാണി സ്കറിയ കണ്ടത്. അതുകൊണ്ട് തന്നെ ട്രംപിൻ്റെയും ബൈഡൻ്റെയും ഭരണകൂടങ്ങൾക്കും ടെക്സസ് ഡിപ്പാർട്ട്മെൻ്റ് ഓഫ് അഗ്രികൾച്ചറിനു കീഴിലും യുഎസ് അഗ്രികൾച്ചർ സെക്രട്ടറിയുടെ ഉപദേശക സ്ഥാനങ്ങളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വയനാടിന് തണലൊരുക്കുന്ന രാമച്ചം പ്രോജക്ട്

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒരു ശാശ്വത പരിഹാരവുമായി ഡോ.മാണി സ്കറിയ ഒരു ബ്രിഹത്തായ പ്രോജക്ട് അവതരിപ്പിക്കുന്നു .ഏത് ഉരുൾപൊട്ടലിനെയും പ്രതിരോധിക്കുവാൻ രാമച്ചം എന്ന സസ്യത്തിന് കഴിയും എന്ന കണ്ടെത്തലിന് പഴക്കമുണ്ടെങ്കിലും പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിൽ വരുത്തുവാനോ ആവശ്യമായ പഠനം നടത്തി അതിന്റെ സാധ്യതകൾ വിലയിരുത്തി വേണ്ടത് ചെയ്യുവാനോ ആരും ശ്രമിക്കാറില്ല . ഇവിടെയാണ് ഈ പ്രോജക്ടിൻ്റെ പ്രസക്തി . വയനാട്ടിലും ഉരുൾ പൊട്ടൽ സാധ്യതകൾ നിലനിൽക്കുന്ന പശ്ചിമഘട്ട പ്രദേശങ്ങളിൽ രാമച്ചം നട്ടുവളർത്തുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കുവാനല്ല ശ്രമത്തിലാണ്

.അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഉടൻ തുടങ്ങുകയും കേന്ദ്ര സംസ്ഥാനതലത്തിൽ ഗവൺമെൻ്റുമായി സഹകരിച്ച് പ്രോജക്ടുകൾ സമയ ബന്ധിതമായി നടപ്പിലാക്കുകയും ചെയ്യും. ഈ പ്രോജക്ട് നടപ്പിലാക്കാൻ കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങളുമായും ശാസ്ത്രജ്ഞരുമായും അദ്ദേഹം ബന്ധപ്പെടും.വളരെ വേഗത്തിൽ രാമച്ചം ഈ പ്രദേശങ്ങളിൽ നടുന്നതിനുള്ള സംവിധാനങ്ങളും അദ്ദേഹം കൊണ്ടുവരും, 12-18 മാസത്തിനുള്ളിൽ വയനാട്ടിൽ ഒരു ദശലക്ഷം രാമച്ചം ചെടികൾ നട്ടുപിടിപ്പിക്കാൻ സാധിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നു.ഈ പദ്ധതിക്ക് തുടക്കം മുതൽ ഗവൺമെന്റിൽ നിന്നും ,സന്നദ്ധ സംഘടനകളിൽ നിന്നും ശാസ്ത്ര സമൂഹത്തിൽ നിന്നും സഹായം ലഭിക്കുമെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ .വയനാടിന് മാത്രമല്ല, മലയോര മേഖലകളിൽ മലവെള്ളപ്പാച്ചിൽ തടയുവാനും , മണ്ണൊലിപ്പ് ഇല്ലാതാക്കി ഭൂമിയെ ഫലഭൂയിഷ്ടമായ ഇടമാക്കി ഒരുക്കാൻ തന്റെ പ്രോജക്ടിന് കഴിയുമെന്ന് ഡോ.മാണി സ്കറിയ അടിവരയിട്ട് പറയുന്നു .

ഉരുൾപൊട്ടലിൽ നിന്ന് ഒരു നാടിനെ മുഴുവൻ തടയാൻ എല്ലാ മഴക്കാലത്തും കേരളം നേരിടുന്ന തരത്തിലുള്ള പ്രകൃതി ദുരന്തങ്ങളെ അകറ്റി നിർത്താൻ രാമച്ചം കൃഷി വലിയ തോതിൽ സഹായിക്കും എന്ന പ്രതീക്ഷ കേരളത്തിന് മാത്രമല്ല ലോകത്തിന് തന്നെ മാതൃകയും പ്രതീക്ഷയുമാണ്.സദാ കർമ്മ നിരതനായ ഒരു കർഷകനെ പോലെയാണ് ഡോ. മാണി സ്കറിയ. തൻ്റെ ഏത് പ്രോജക്ടും ആദ്യന്തിക വിജയം കാണുന്നതുവരെ എന്തെല്ലാം ചെയ്യണം എന്ന് അദ്ദേഹത്തിന് ഒരു പ്ലാനുണ്ട്. തൻ്റെ കണ്ടെത്തലുകൾ ഭൂമിക്കും മണ്ണിനും മണ്ണിനോട് മല്ലിടുന്നവനും ഗുണമാകണം എന്ന ചിന്ത, അതിനനുസരിച്ച പ്രവർത്തനങ്ങൾക്കാണ് അദ്ദേഹം മുൻതൂക്കം നൽകുക.

ജീവിതം എപ്പോഴും മാറ്റങ്ങൾക്ക് വിധേയമാകേണ്ടതും കാലാവസ്ഥക്കും പ്രകൃതിക്കുമനുസരിച്ച് പുത്തൻ രീതികൾ നടപ്പിലാക്കേണ്ട ഒരു സിട്രസ് വിത്ത് വികസനം പോലെ തന്നെയാണ് എന്ന് അദ്ദേഹം വിശ്വസിക്കുന്നു . തന്റെ കണ്ടെത്തലുകൾ ഇന്ത്യയിലേക്ക് കൂടി വ്യാപിപ്പിക്കുന്നതോടെ ഡോ. മാണി സ്കറിയ ഇന്ത്യൻ കാർഷിക ചരിത്രത്തിൽ ഒരു മികച്ച ഉപജ്ഞാതാതാവ് കൂടിയായി മാറും എന്നതിൽ യാതൊരു സംശയവും ഇല്ല .അതാകട്ടെ മലയാളികൾക്ക് വലിയ അഭിമാനവും ആകും .അദ്ദേഹം തന്റെ കാർഷിക യാത്ര തുടരട്ടെ ...ആശംസകൾ